# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2142 17.02.2016-ൽ മറുപടിക്ക്

## കൺസ്യൂമർ സ്റ്റോറുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാറിന്റെ കാലത്ത് സഹകരണ വകുപ്പിന്റെ കീഴിൽ എത്ര കൺസ്യൂമർ സ്റ്റോറുകൾ അനുവദിച്ചെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) 19 എണ്ണം അനുവദിച്ചിരുന്നു. അവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| തിരുവനന്തപുരം | - | 1 |
| കോട്ടയം | - | 3 |
| എറണാകുളം | - | 1 |
| തൃശ്ശൂർ | - | 11 |
| കോഴിക്കോട് | - | 1 |
| കാസർഗോഡ് | - | 2 |
| ആകെ | - | 19 |

| | |
|---|---|
| (ബി) കൺസ്യൂമർ സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (ബി) കൺസ്യൂമർ സ്റ്റോർ ആരംഭിക്കുന്നതിന് സംഘം നിയമാവലിയിൽ വ്യവസ്ഥ ഉണ്ടായിരിക്കണം. നിർദ്ദിഷ്ട കൺസ്യൂമർ സ്റ്റോറിനു സമീപം മറ്റ് സഹകരണ കൺസ്യൂമർ സ്റ്റോറുകൾ ഉണ്ടാകാൻ പാടില്ല. സംഘങ്ങളുടെ പ്രവർത്തനപരിധിയിലായിരിക്കണം നിർദ്ദിഷ്ട സ്റ്റോർ ആരംഭിക്കേണ്ടത്. സ്റ്റോർ വിജയകരമായി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സ്ഥിതി സംഘത്തിന് ഉണ്ടായിരിക്കണം. ഇവക്കു പുറമെ വിജയസാധ്യത കാണിക്കുന്ന |

ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, പ്രോജക്റ്റ് റിപ്പോർട്ട് എന്നിവ പരിശോധിച്ച് മാനദണ്ഡ ങ്ങളുടെ അടിസ്ഥാനത്തിൽ കൺസ്യൂമർ സ്റ്റോറുകൾക്ക് അനുമതി നൽകി വരുന്നു.

| | |
|---|---|
| (സി) എല്ലാ പഞ്ചായത്തുകളിലും കൺ സ്യൂമർ സ്റ്റോറുകൾ അനുവദിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കു മോയെന്ന് വിശദമാക്കുമോ? | (സി) അർഹമായ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ മാനദണ്ഡങ്ങൾക്ക് വിധേയമായി നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**